**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ**
**ജില്ലാ ഓഫീസ്, മലപ്പുറം**

**SL No. : 8/09/DOM** — മലപ്പുറം

**Cat.No.181/07** — 19/10/2009

## വിജ്ഞാപനം

മലപ്പുറം ജില്ലയിൽ വിവിധ വകുപ്പുകളിൽ (എൻ സി സി യും പോലീസും ടൂറിസവും എക്സൈസും ട്രാൻസ്പോർട്ടും ഒഴികെ)**ഡ്രൈവർ ഗ്രേഡ് II** (എച്ച് ഡി വി) തസ്തികയിലേക്കു (കാറ്റഗറി നമ്പർ 181/07 3050-5230 രൂപ (PR) ശമ്പള നിരക്ക്) വിശ്വകർമ്മ സമുദായത്തിനായുള്ള (എൻ സി എ വിജ്ഞാപന പ്രകാരം) തെരഞ്ഞെടുപ്പിനായി 09/05/2008 തിയതിയിൽ നടത്തിയ ഉദ്ദേശ്യാധിഷ്ഠിത (ഒ.എം.ആർ മൂല്യനിർണ്ണയം) പരീക്ഷയുടെ അടിസ്ഥാനത്തിൽ പ്രായോഗിക പരീക്ഷയ്ക്ക് വിളിക്കപ്പെടുവാൻ സോപാധികമായി അർഹരായ ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ ചുവടെ ചേർത്തിരിക്കുന്നു.

രജിസ്റ്റർ നമ്പരുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരീക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല. സാധ്യതാ ലിസ്റ്റിലെ മെയിൻ ലിസ്റ്റിൽ ഉൾപ്പെടുത്താവുന്ന ഉദ്യോഗാർത്ഥിയുടെ ഏറ്റവും കുറഞ്ഞ മാർക്ക് 54 ആണ്.

രജിസ്റ്റർ നമ്പറുകൾക്ക് മുമ്പായി മലപ്പുറം ജില്ലയെ സൂചിപ്പിക്കുന്ന ' എം ' എന്ന് ചേർത്ത് വായിക്കേണ്ടതാണ്.

**ചുരുക്കപ്പട്ടിക**

**വിശ്വകർമ്മ**

| | | | |
|---|---|---|---|
| 500006 | 500008 | 500016 | 500032 |
| 500033 | 500046 | 500048 | 500063 |
| 500067 | 500076 | | |

**കുറിപ്പ്**:1) അപേക്ഷകളുടെ സൂക്ഷ്മപരിശോധനനടത്തിയിട്ടില്ല. തീർത്തും സോപാധികമായിട്ടാണ് റജിസ്ററർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊളളിച്ചിട്ടുള്ളത്. ചുരുക്കപ്പട്ടികയിൽ റജിസ്റ്റർ നമ്പർ ഉൾപ്പെട്ടുവെന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിക്ക് പ്രദാനം ചെയ്യുന്നില്ല.

2) അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാന മാക്കിയാണ് ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനുശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

3) ചുരുക്കപ്പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ അപേക്ഷയിൽ അവകാശപ്പെട്ടിരുന്ന കാര്യങ്ങൾ അതായത് യോഗ്യത, ജനനത്തീയതി, ജാതി (നോൺ ക്രീമിലെയർ/ജാതി സർട്ടിഫിക്കറ്റ്), നേറ്റിവിറ്റി, വിമുക്ത ഭടൻമാർ/സ്പോർട്സ് മുതലായവ തെളിയിക്കുന്നതിനാവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും സർട്ടിഫിക്കറ്റ് പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

4) കേന്ദ്ര/സംസ്ഥാന സർവീസിലുള്ള ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നതിനു മുമ്പായി ആഫീസ് മേധാവിയിൽനിന്നോ വകുപ്പു മേധാവിയിൽനിന്നോ ലഭിച്ച രസീത് അല്ലെങ്കിൽ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിന്റെ അസ്സൽ (ഗസറ്റു വിജ്ഞാപനത്തിലെ പൊതു വ്യവസ്ഥ 20 പ്രകാരമുള്ളത്)ഹാജരാക്കേണ്ടതാണ്.

5) സർട്ടിഫിക്കറ്റ് പരിശോധന, പ്രായോഗിക പരീക്ഷ എന്നിവ നടത്തുന്ന തിയതി, സമയം, സ്ഥലം എന്നിവ വ്യക്തിഗത മെമ്മോ മുഖേന ഉദ്യോഗാർത്ഥികളെ അറിയിക്കുന്നതാണ്.

6) റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസുകളുടെ പുന:പരിശോധന അനുവദിക്കുന്നതല്ല

7) ഒ എം ആർ ഉത്തരക്കടലാസിന്റെ സെറോക്സ് കോപ്പി ആവശ്യമുള്ള ഉദ്യോഗാർത്ഥികൾ 200 രൂപ ഫീസ് "0051-PSC-800-Other receipts-99-Other receipts" എന്ന Head of Account- ൽ ഒടുക്കി ഒറിജിനൽ ചലാൻ സഹിതം റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഒരു മാസത്തിനുള്ളിൽ ജില്ലാ ആഫീസർ, കേരള പബ്ലിക് സർവീസ് കമ്മിഷൻ ജില്ലാ ആഫീസ്, മലപ്പുറം എന്ന വിലാസത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. (അപേക്ഷയുടെ മാതൃക കമ്മിഷന്റെ www.keralapsc.org എന്ന വെബ്സൈറ്റിൽ ലഭ്യമാണ്) സ്വന്തം ഉത്തരക്കടലാസിന്റെ പകർപ്പ് ഒരു തവണ മാത്രമേ നൽകുകയുള്ളൂ. തന്റേതല്ലാത്ത ഉത്തരക്കടലാസ് ആവശ്യപ്പെട്ടുവെന്ന് തെളിഞ്ഞാൽ അപേക്ഷകനെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ന്യൂനതമൂലം അസാധുവാക്കപ്പെട്ട ഉത്തര ക്കടലാസുകളുടെ പകർപ്പ് നൽകുന്നതല്ല.

കമ്മീഷന്റെ ഉത്തരവിൻ പ്രകാരം

എം കുഞ്ഞുകുഞ്ഞ്
ജില്ലാ ആഫീസർ,
കെ.പി.എസ്.സി ജില്ലാ ആഫീസ്,
മലപ്പുറം.